(ബി) കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതുവരെ വൺമാൻ ട്രഷറിയുടെ പ്രവർത്തനം മാറ്റി വെയ്ക്കേണ്ടതാണ് എന്നാണ് സർക്കാർ തീരുമാനം.

(സി) ട്രഷറി കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായതിനുശേഷം മുളക്കുഴ പഞ്ചായത്തിന് അനുവദിച്ച വൺമാൻ ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

22 (314) നാഷണൽ സേവിംഗ്സ് സ്കീം സംബന്ധിച്ച ഡയറികൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ നാഷണൽ സേവിംഗ്സ് ഓഫീസിൽ നാഷണൽ സേവിംഗ്സ് സ്കീം സംബന്ധിച്ച ഡയറികൾ വിതരണം ചെയ്തത് സംബന്ധിച്ച കണക്കുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ ജില്ലാ ഓഫീസർക്ക് എത്ര ഡയറികൾ ആണ് നൽകിയത്;

(സി) അവ ഈ ഓഫീസർ വിതരണം ചെയ്തത് എപ്രകാരമാണ്;

(ഡി) എം.എൽ.എ,മാർ, എം.പി.മാർ എന്നിവർക്ക് ഡയറി വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര വീതം;

(ഇ) കായംകുളം എം.എൽ.എ.യ്ക്ക് ഡയറി നൽകിയോ; നല്കിയെങ്കിൽ നൽകിയതിന് രേഖയുണ്ടോ;

(എഫ്) ഡയറി എം.എൽ.എ.യ്ക്ക് നാളിതുവരെ ലഭിക്കാത്തതു സംബന്ധിച്ച് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇതിന്മേൽ അന്വേഷണം നടത്തുമോ;

(എച്ച്) ഈ ഉദ്യോഗസ്ഥൻ വ്യാപകമായി ഡയറികൾ ദുരുപയോഗപ്പെടുത്തി എന്ന ആക്ഷേപം അന്വേഷിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1000 വാലറ്റ് ഡയറിയും, ക്ഷേമനിധിയിൽ ചേർന്ന ഏജന്റുമാർക്ക് നൽകാനുള്ള 396 വലിയ ഡയറിയും നൽകിയിട്ടുണ്ട്.

(സി) വെൽഫെയർ സ്കീമിൽ അംഗങ്ങളായിട്ടുള്ള ഏജന്റുമാർക്കാണ് വലിയ ഡയറികൾ വിതരണം ചെയ്തത്. ചെറിയ ഡയറി (പോക്കറ്റു ഡയറി) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപസമാഹരണവുമായി ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യാനാണ് നൽകിയിട്ടുള്ളത്. ഇതനുസരിച്ച് വിതരണം നടത്തിയിട്ടുണ്ടെന്ന് ജില്ലാഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഡി) ആലപ്പുഴ ജില്ലാ ഓഫീസിൽനിന്നും വിതരണം നടത്തിയിട്ടില്ല.

(ഇ) ഡയറി നൽകിയിട്ടില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി)&(എച്ച്) എം.എൽ.എ. മാർക്ക് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റിൽ നിന്നുമാണ് ഡയറി നൽകിയിരുന്നത്. ആലപ്പുഴ ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly

ഡയറി വിതരണത്തിൽ ക്രമക്കേട് കാണിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ വിശദമായ അന്വേഷണം നടത്തുന്നതാണ്.

23 (315) ഓഡിറ്റ് കമ്മിഷൻ രൂപീകരണം

ശ്രീ. കെ. അച്ചുതൻ :

ശ്രീ.കെ.കെ. നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഡിറ്റ് കമ്മിഷൻ രൂപീകരണത്തിന് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു വിധത്തിലുള്ള ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആക്ട് ഭേദഗതി സംബന്ധിച്ച് അധികാര വികേന്ദ്രീകരണ സമിതി ശുപാർശ എന്തെങ്കിലും നേരത്തെ ഗവൺമെന്റിന് സമർപ്പിച്ചിരുന്നുവോ; എങ്കിൽ അത് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അധികാര വികേന്ദ്രീകരണ സമിതിയോട് സർക്കാർ ആവശ്യപ്പെട്ടത് എന്നാണ്; എന്നത്തേക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(ഇ) പ്രസ്തുത ശുപാർശ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഓഡിറ്റ് കമ്മിഷൻ എന്നത്തേയ്ക്ക് രൂപീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി),(ഡി),(ഇ)&(എഫ്)- 1214 തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യാൻ വേണ്ടി ഉദ്ദേശിച്ചുക്കൊണ്ടുള്ളതാണ് സ്വതന്ത്ര ആഡിറ്റ് കമ്മിഷൻ. ഈ ആവശ്യത്തിനുവേണ്ടി 1994 ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് ഭേദഗതി ചെയ്യേണ്ടതുണ്ട്. അതിനുവേണ്ടി വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ അധികാര വികേന്ദ്രീകരണ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശ ലഭിച്ചു കഴിഞ്ഞ ശേഷം, ഈ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

24 (316) മദ്യവർജ്ജനം

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. പാലോട് രവി

പ്രൊഫ.സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വർജ്ജനത്തെ അനുകൂലിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly